"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -പ്ലാനിംഗ് -ജീവനക്കാര്യം- വയനാട് ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.നജ്ല.എം.കെ-യുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2253/2024/LSGD തീയതി,തിരുവനന്തപുരം, 21-11-2024

പരാമർശം:-

1. സ.ഉ(സാധ) നം. 2766/09/തസ്വഭവ തീയതി. 24.10.2009
2. സ.ഉ(സാധ) നം. 2767/09/തസ്വഭവ തീയതി. 24.10.2009
3. സ.ഉ(സാധ) നം. 384/17/തസ്വഭവ തീയതി. 10.02.2017
4. ചീഫ് ടൗൺ പ്ലാനർ(പ്ലാനിഗ്) ന്റെ 19.05.2022 ലെ CTPTCP/3194/2019-Fനമ്പർ ഉത്തരവ്
5. ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്) ന്റെ 5.5.2023 തീയതിയിലെ LSGD /PD/23018/2023/TCPB3(2) നമ്പർ കത്ത്
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ 22.05.2024 തീയതിയലെ LSGD/PD/23018/2023-TCPB3(2) നമ്പർ കത്ത്

<u>ഉത്തരവ്</u>

'മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പദ്ധതിയുടെ കീഴിൽ വയനാട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ പരാമർശം (4) പ്രകാരം ശ്രീമതി.നജ്ല.എം.കെ.-യെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും പരാമർശം (5) പ്രകാരം ഒരു വർഷം കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തിരുന്നു.

2) വയനാട് ജില്ലയിൽ കൽപ്പറ്റ നഗരസഭ, എടവക ഗ്രാമ പഞ്ചായത്ത് എന്നീ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ജില്ലയിൽ നിലവിലുള്ള നാല് വിശദ നഗരാസൂത്രണ പദ്ധതികളുടെ പുന:പ്രസിദ്ധീകരണത്തിന്റെ പ്രവർത്തനങ്ങളും പൂർത്തിയാക്കേണ്ടതുള്ളതിനാലും, കൂടാതെ വികസിച്ചു വരുന്ന മറ്റ് ഗ്രാമ പഞ്ചയത്തുകളുടെ മാസ്റ്റർ പ്ലാനുകളും

ഏറ്റെടുക്കേണ്ടതുണ്ടെന്നും, വയനാട് ജില്ലാ കര്യലയത്തിൽ നിലവിൽ ആകെയുള്ള രണ്ട് അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ രണ്ടെണ്ണവും ഒഴിഞ്ഞ് കിടക്കുകയാണെന്നും, DDMA-യുടെ കെട്ടിട നിർമ്മാണ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ജില്ലയായതുകൊണ്ട് പ്രസ്തുത പ്രവർത്തനങ്ങളിലും, കൽപ്പറ്റ എടവക മാസ്റ്റർ ജോലികളിലും പ്രവർത്തിച്ചു വരുന്ന ശ്രീമതി.നജ്‌ല.എം.കെ.-യുടെ സേവന കാലാവധി 31.05.2024 ന് അവസാനിച്ചിട്ടുള്ളതിനാൽ , ടിയാളുടെ സേവനം ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകണമെന്ന് സിറ്റിപി പ്ലാനിംഗ് പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.നജ്‌ല എം.കെ യുടെ സേവനകാലാവധി, കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി 31.05.2024 ന് കാലാവധി പൂർത്തിയാകുന്ന മുറക്ക് ഒരു ദിവസം ബ്രേക്ക് നൽകി, അവധി ദിവസം ഒഴിവാക്കി 03.06.2024 മുതൽ 02.06.2025 വരെ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത കാലാവധിയ്ക്കുള്ളിൽ സമയബന്ധിതമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ടൗൺ പ്ലാനർ, വയനാട് ജില്ല ( സി.റ്റി.പി പ്ലാനിംഗ് മുഖേന)

ശ്രീമതി.നജ്‌ല.എം.കെ. , പ്ലാനർ അസോസിയേറ്റ്, ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം, വയനാട് ( സി.റ്റി.പി പ്ലാനിംഗ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( vide file no.2829120/ Dev-4/129/2024-FIN)

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 23-11-2024 10:01:31